LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നവീകരണം

273(5432) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും ആയതിന്റെ പുരോഗതിയും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ആഫീസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 2020-2021 സാമ്പത്തിക വർഷത്തിൽ 3,00,000 (മൂന്ന് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) ഇവയിൽ ഏതെല്ലാം ഓഫീസുകളിലാണ് മോഡേൺ റിക്കാർഡ് റൂം സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

കിഫ്ബി പദ്ധതി പ്രകാരം കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ള പുതിയ ഓഫീസുകളിലാണ് നിലവിൽ മോഡേൺ റിക്കാർഡ് റൂമുകൾ (കോംപാക്ട്സെറ്റ്സ്) സ്ഥാപിക്കുന്നത്. മാവേലിക്കര മണ്ഡലത്തിലെ ഓഫീസുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

കേരള രജിസ്ട്രേഷൻ മാന്വൽ പരിഷ്കരണം

274(5433) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രജിസ്ട്രേഷൻ മാന്വൽ കാലാനുസൃതമായി പരിഷ്കരിക്കുവാനുള്ള പദ്ധതി പരിഗണനയിൽ ഉണ്ടോ?

ഉണ്ട്.

(ബി) വിദഗ്ധ സമിതിയെ നിയമിച്ച് വിശദമായ പഠനം നടത്തി കരട് തയ്യാറാക്കി പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിച്ച് കുറ്റമറ്റ രീതിയിൽ ഇത് നടപ്പിലാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിലെ അക്കാദമിക്ക് മികവുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രജിസ്ട്രേഷൻ മാന്വൽ പാർട്ട് II വാല്യം 1 കാലോചിതമായി പരിഷ്കരിച്ച് കരട് തയ്യാറാക്കി പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിച്ച് രജിസ്ട്രേഷൻ മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.